# കേരള സർവകലാശാല

നം.പി.ആർ.153/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ മാറ്റിവച്ച നാലാം സെമസ്റ്റർ ബിരുദാനന്തര ബിരുദ പരീക്ഷകൾ ആഗസ്റ്റ് 21 മുതൽ

തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ ട്രിപ്പിൾ ലോക്ഡൗൺ കാരണം ജൂലൈ 6, 8, 10 തീയതികളിൽ മാറ്റിവച്ച നാലാം സെമസ്റ്റർ ബിരുദാനന്തര ബിരുദ പരീക്ഷകൾ (അഫിലിയേറ്റഡ് കോളേജുകൾ) യഥാക്രമം ആഗസ്റ്റ് 21, 24, 26 തീയതികളിൽ രാവിലെ 9.30 മുതൽ അതതു പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്.

കോവിഡ് – 19 കാരണം തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലുള്ള കോളേജുകളിൽ പരീക്ഷാകേന്ദ്രം ആവശ്യപ്പെടുകയും അത് അനുവദിച്ചുകിട്ടിയ വിദ്യാർത്ഥികളും അവരവർക്ക് അനുവദിച്ചുകിട്ടിയ കോളേജുകളിൽ പരീക്ഷയ്ക്ക് ഹാജരാകേണ്ടതാണ്.

### 74 –ാം സ്വാതന്ത്ര്യദിനം സമുചിതമായി ആചരിച്ചു

രാജ്യത്തിന്റെ 74 –ാം സ്വാതന്ത്ര്യദിനം കോവിഡ് – 19 മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സർവകലാശാല ആസ്ഥാനത്ത് സംഘടിപ്പിച്ചു. രാവിലെ 9.00 മണിക്ക് സർവകലാശാല ആസ്ഥാനത്ത് നടന്ന ചടങ്ങിൽ സർവകലാശാല ചാൻസലർ പ്രൊഫ.(ഡോ.)വി.പി.മഹാദേവൻപിള്ള ദേശീയപതാക ഉയർത്തി തുടർന്ന് സ്വാതന്ത്ര്യദിന പരേഡും ദേശഭക്തി ഗാനങ്ങളുടെ ആലാപനവും നടന്നു. ചടങ്ങിൽ രജിസ്ട്രാർ ഡോ.സി.ആർ പ്രസാദും സർവകലാശാല ജീവനക്കാരും അദ്ധ്യാപകരും ഉൾപ്പെടുന്ന 50 പേരിൽ പരിമിതപ്പെടുത്തിയിരുന്നു. സർവകലാശാലയുടെ കാര്യവട്ടം കാമ്പസിൽ നടന്ന സ്വാതന്ത്ര്യ ദിനാഘോഷത്തിൽ പ്രോ – വൈസ് ചാൻസലർ ഡോ.പി.പി അജയകുമാർ ദേശീയ പതാക ഉയർത്തി. ചടങ്ങിൽ ജീവനക്കാരും അദ്ധ്യാപകരും വിദ്യാർത്ഥികളും പങ്കെടുത്തു.

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം

15.08.2020

e-mail: ku.release@gmail.com website: www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**